100/NSS/DHSE/2019

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
ഹയർ സെക്കണ്ടറി വിഭാഗം
ഹൗസിംഗ് ബോർഡ് ബിൽഡിംഗ്,
ശാന്തി നഗർ, തിരുവനന്തപുരം
05/08/2019

**സർക്കുലർ**

മാതൃകാ ഹരിത ഗ്രാമം

രാഷ്ട്രപിതാവായ മഹാത്മാ ഗാന്ധിയുടെ 150 -ാം ജന്മവാർഷികവും നാഷണൽ സർവ്വീസ് സ്കീമിന്റെ സുവർണ്ണ ജൂബിലിയും പ്രമാണിച്ച് ഹയർ സെക്കണ്ടറി നാഷണൽ സർവ്വീസ് സ്കീം 150 മാതൃകാ ഹരിത ഗ്രാമങ്ങൾ ലക്ഷ്യമിടുകയാണ്. ഓരോ പി.എ.സി അംഗത്തിന്റെയും നേതൃത്വത്തിൽ ഒന്നുവീതം മാതൃകാ ഹരിതഗ്രാമങ്ങൾ തിരഞ്ഞെടുക്കുകയും അവിടങ്ങളിൽ സമഗ്രമായ ജനകീയ ഇടപെടൽ ജനപ്രതിനിധികളുടെയും പൊതു പ്രവർത്തകരുടെയും സഹകരണത്തിൽ നടത്തേണ്ടതുമാണ്.

മാതൃകാ ഹരിത ഗ്രാമങ്ങളിൽ ഹരിതം , ഉപജീവനം/ ഭവനം , ബോധനം എന്നീ മേഖലകളിലും ഈ വർഷത്തെ ആക്ഷൻ പ്ലാനിലെ പരിപാടികൾ അനുസരിച്ചും പ്രവർത്തനങ്ങൾ ആസൂത്രണം ചെയ്ത് നടപ്പിലാക്കേണ്ടതാണ്.

എല്ലാ പി.എ.സി അംഗങ്ങളും അവരവരുടെ മാതൃകാ ഹരിതഗ്രാമം തിരഞ്ഞെടുത്ത് ആഗസ്റ്റ് 10 -ാം തീയതിക്കുമുൻപായി ജില്ലാ കൺവീനർക്ക് റിപ്പോർട്ട് ചെയ്യേണ്ടതാണ്. ജില്ലാ കൺവീനർമാർ 12 -ാം തീയതിക്കുമുൻപായി ആർ പി സി മാർ മുഖാന്തിരം ഹയർ സെക്കണ്ടറി എൻ എസ് എസ് സെല്ലിൽ റിപ്പോർട്ട് ചെയ്യേണ്ടതാണ്.

ആഗസ്റ്റ് പതിനേഴിന് ( ചിങ്ങം ഒന്നിന് ) സംസ്ഥാനതല മാതൃക ഹരിതഗ്രാമ പ്രഖ്യാപനം കണ്ണൂർ ജില്ലയിൽ വച്ച് നടക്കുമ്പോൾത്തന്നെ എല്ലാ ക്ലസ്റ്ററുകളിലും മാതൃകാ ഹരിത ഗ്രാമങ്ങളിൽ ബോർഡുകൾ സ്ഥാപിക്കേണ്ടതും ജനപ്രതിനിധികളുടെയും വിദ്യാർത്ഥികളുടെയും ഗ്രാമവാസികളുടെയും പങ്കാളിത്തത്തോടെ മാതൃക ഹരിതഗ്രാമ പ്രഖ്യാപനം നടത്തേണ്ടതുമാണ്.

ഒപ്പ്
ഡോ.ജേക്കബ് ജോൺ
പ്രോഗ്രാം കോഡിനേറ്റർ

പൊതു വിദ്യാഭ്യാസ വകുപ്പ്

ഹയർ സെക്കണ്ടറി വിഭാഗം

----------------------ക്ലസ്റ്റർ

**മാതൃകാ ഹരിത ഗ്രാമം**

(Adopted Village of ________________School- Unit)